



# അക്ഷയനാദം





## ഡിജിറ്റൽ മാഗസിൻ

തയ്യാറാക്കിയത്

ലിറ്റിൽ കൈറ്റ്സ്

രജിസ്ട്രേഷൻനമ്പർ: LK/2018/26002

**സെന്റ്.മേരീസ്എച്ച്.എസ്.ചെല്ലാനം**



## മുന്നോട്ടു പോകുമ്പോൾ


എഡിറ്റോറിയൽ ബോർഡ്....................................4
എഡിറ്റോറിയൽ..................................................5
നന്ദി......................................................................6
നന്ദി......................................................................7
ആശംസകൾ..........................................................8
ഒന്നു ശ്രദ്ധിക്കാം.................................................10
ആധുനിക കവിത്രയം...........................................12
ചെറിയ വലിയ കാര്യങ്ങൾ..................................13
കേരളം.................................................................14
നിറമുള്ളസ്വപ്നങ്ങൾ..............................................15
മീനുകൾ ഉറങ്ങാറുണ്ടോ ?.....................................16
നിറമുള്ള സ്വപ്നങ്ങൾ............................................17
പ്രകൃതി സംരക്ഷണത്തിൽ നമുക്കും പങ്കാളികളാകാം
.............................................................................18
തത്തമ്മ................................................................22
എൻെറ വിദ്യാലയം............................................23
കുഞ്ഞാറ്റക്കിളി.....................................................25
വന്നില്ല ;എൻ മുൻപിൽ........................................26
മഴയെത്തുമ്പോൾ.................................................27
എന്റെവീട്...........................................................28
പരുന്ത്.................................................................30
പേടി....................................................................31
എന്റെ മാവ്.........................................................32
ഓണം..................................................................33
ഒരുമ...................................................................34
ഉണരൂ പനിനീർപൂവേ..........................................35
ഭൂമിയുടെ പ്രകാശമായ അമ്പിളി............................36
ചേലുള്ള തത്തമ്മ.................................................37
ഉണ്ണിക്കണ്ണൻ.......................................................38
മഴയെത്തുമ്പോൾ.................................................39
*നമ്മുടെ നാട്ടിൽ കേരള നാട്ടിൽ*............................39
പ്രകൃതി................................................................40
അംഗനവാടി........................................................41
മഴച്ചൊല്ലുകൾ.....................................................42
അമ്പിളി അമ്മാവൻ.............................................43
കളിവീട്..............................................................44
തത്തമ്മേ..............................................................45
കളിവീട്..............................................................46
ഗണിത കവിത......................................................47
ഇലക്ട്രോണിൻെറ രഹസ്യം...................................48
കുഞ്ഞാറ്റക്കിളി.....................................................50
നന്ദി....................................................................52




[1]

# സമർപ്പണം

ഞങ്ങളെ കൈ പിടിച്ച്

നടത്തുന്നവർക്ക്.........................

വഴി

കാട്ടുന്നവർക്ക്..........................




1

# എഡിറ്റോറിയൽ ബോർഡ്

അനീറ്റ സെബാസ്റ്റ്യൻ

അലിയ വി.ജെ

ആൻ ഗ്രീറ്റി

ഐശ്വര്യ എ.ജി

പ്ലമീന ലയ കെ.ജെ

മേരി റെനി

സിയാമോൾ

സ്റ്റെല്ല മേരി

ഹരി കൃഷ്ണൻ എൻ. പ്രഭ

## ഒപ്പം നിന്നവർ

ശ്രീമതി മിനികെ.ജെ

ശ്രീ അനിൽ ജോസഫ് എ.ജെ

എല്ലാ ലിറ്റിൽ കൈറ്റ്സ്

അംഗങ്ങളും



# എഡിറ്റോറിയൽ

അനുദിനംവളർന്നു കൊണ്ടിരിക്കുന്നവിവരസാങ്കേതികതയുടെ ഈ കാലഘട്ടത്തിൽ തികഞ്ഞ ആത്മ വിശ്വാസത്തോടെമുന്നേറുവാൻ വഴി യൊരുക്കിക്കൊണ്ടിരിക്കുന്നവിദ്യാഭ്യാസ വകുപ്പിന് പ്രത്യേകിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ശ്രീ.രവീന്ദ്രനാഥ് അവർകൾക്ക്ഓരോവിദ്യാർത്ഥിയുടേയും പേരിൽ നന്ദി അർപ്പിച്ചു കൊള്ളുന്നു. ഹൈസ്കൂൾ പഠനകാലത്തു തന്നെ ഐ.ടി.മേഖലയിൽ നൈപുണ്യം നേടാൻ കഴിയുന്നു എന്നത് ഏറെ പ്രശംസ നീയമാണ്. പല ക്ലാസ്സുകളിൽ നിന്നു ശേഖരിച്ച കൃതികൾ  കോർത്തിണക്കി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾതയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ **"അക്ഷയനാദം"** ഇതാ ഏറ്റവും അഭിമാനത്തോടെ ഞങ്ങൾ സമർപ്പിക്കുന്നു.അക്ഷരങ്ങളും വർണ്ണങ്ങളും അക്ഷയമാണ്.അതുകൊണ്ടു തന്നെ അവ സൃഷ്ടിക്കുന്നനാദ പ്രപഞ്ചവുംഅക്ഷയമത്രേ. "അക്ഷയനാദം" എന്ന ഈ എളിയസംരഭ ത്തിലൂടെഒരിക്കലും നിലയ്ക്കാത്ത നന്മയുടെ നാദമായിമാറുവാൻഞങ്ങളോരോരുത്തർ ക്കുംകഴിയട്ടെഎന്ന്പ്രാർത്ഥിച്ചുകൊണ്ട്സർ ഗ്ഗാത്മകതയുടെ സാങ്കേതികതയുടെ ഈ കൊച്ചുലോകം സാദരം സമർപ്പിക്കുന്നു.



സ്നേഹപൂർവ്വം
ചീഫ് എഡിറ്റർ
അനീറ്റ സെബാസ്റ്റ്യൻ
ക്ലാസ്സ് 9 ബി

## നന്ദി



വിവര സാങ്കേതികതയുടെ

വിസ്മയങ്ങളിലേക്ക്

ഞങ്ങളെ

കൈ പിടിച്ച് നയിക്കുന്ന

ബഹു.വിദ്യാഭ്യാസ മന്ത്രി

പ്രൊഫ.സി.രവീന്ദ്രനാഥ്

അവർകൾക്ക് ................



# നന്ദി

## മാസ്റ്റർട്രെയിനേഴ്സ് @ കൈറ്റ്

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

## എറണാകുളം...



# ആശംസകൾ




ചെല്ലാനം സെന്റ്.മേരീസ് ഹൈസ്കൂളിലെ ഐ.ടി.മേഖലയിൽ തല്പരരായ കുട്ടികളുടെ കൂട്ടായ്മയായ ലിറ്റിൽകൈറ്റ്സിന്റെ പ്രവർത്തനം മിനി ടീച്ചറിന്റേയും അനിൽ ജോസഫ് സാറിന്റേയും നേതൃത്വത്തിൽ വിജയകരമായി ഒരു വർഷം പിന്നിടുന്നു.ഈ സംഘത്തിന്റെ പുതിയ സംരംഭമായ ഡിജിറ്റൽ മാഗസിന് എല്ലാവിധ വിജയാശംസകളും അറിയിക്കുന്നു.

ഫ്രാൻസിസ് സേവ്യർ കെ.ജെ

ഹെഡ്മാസ്റ്റർ

നല്ല വാക്കുകൾ മാത്രം
പറയാൻ

നല്ലതു മാത്രം കാണാൻ


കേൾക്കാൻ

സത്യം പറയാൻ

നന്മയിൽ ഉറച്ചു നിൽക്കാൻ

ആകട്ടെ നമ്മുടെ
പരിശ്രമങ്ങൾ..............

# ഒന്നു ശ്രദ്ധിക്കാം



*വിദ്യാഭ്യാസമെന്നാൽ എഴുത്തും വായനയും പഠിക്കുക എന്നതല്ല*

*അത് പ്രതിസന്ധികളെ തരണം ചെയ്യാനുള്ള*

*കരുത്താർജ്ജിക്കലാണ്*


*(ഗാന്ധിജി)*



*ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം*

*നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നം*

*(എ.പി.ജെ.അബ്ദുൾ കലാം)*



*പരാജയം സംഭവിക്കുന്നത് ഒരുവൻ തന്റെ*

ആദർശങ്ങളും ആശയങ്ങളും ലക്ഷ്യങ്ങളും മറക്കുമ്പോളാണ്

*(ജവഹർലാൽ നെഹ്റു)*



മറ്റുള്ളവർ നിങ്ങൾക്കു നേരെ
കല്ലെറിയുന്നെങ്കിൽ
നിങ്ങൾ
അവയെ നാഴികക്കല്ലുകളാക്കി മാറ്റുക

(സച്ചിൻ ടെൻഡുൽക്കർ)

## കാലചക്രം



മരണത്തിൻെറ നിഴലാകുന്ന
കാലചക്രം
എൻെറ ചുറ്റും കറങ്ങി
കൊണ്ടിരിക്കുന്നു.
മരണത്തിൻെറ നിഴലുകൾ എന്നെ
വല്ലാതെ വേട്ടയാടി
കൊണ്ടിരിക്കുന്നു.

മരണമാകുന്ന
കാല ചക്രത്തിൽ കറങ്ങി

കൊണ്ടിരിക്കുന്ന എനിക്ക് ഈ
ഭൂമി
കത്തിയെരിയുന്ന ഒരു കനൽ
കട്ട പോലെയാണ്

ജീവിതത്തിൻെറ
അവസാനഘട്ടമായ

മരണത്തിലേക്കു ഞാനിതാ വഴുതി
വീണു.....

മേരി റെനി
ക്ലാസ്സ്:9 ബി

***ഓർത്തുവയ്ക്കാം ...........................***

*നടന്നവഴിത്താരകൾ...................*

*പറഞ്ഞ  വാക്കുകൾ....................*

*വന്നു പോയ പിഴകൾ.................*

***കരുതി വയ്ക്കാം............................***

*കനിവുള്ളൊരു ഹൃദയം...............*

*തിരുത്താനുള്ളൊരു*

*മനസ്സ്.................*




# ആധുനിക കവിത്രയം

## കുമാരനാശാൻ



ആശയഗംഭീരൻ

## വള്ളത്തോൾ



ശബ്ദസൗഭഗൻ

## ഉള്ളൂർ



ഉജ്ജ്വലശബ്ദാഢ്യൻ

# ചെറിയ വലിയ കാര്യങ്ങൾ



വലിയൊരു
ലോകം
മുഴുവൻ നന്നാവാൻ
ചെറിയൊരു സൂത്രം
ചെവിയിലോതാം ഞാൻ
"സ്വയം നന്നാവുക"

കപടലോകത്തിലെന്നുടെ
കാപട്യം
സകലരും കാണ്മതാണെൻ
പരാജയം
(കുഞ്ഞുണ്ണിമാഷ്)



# പഴം ചൊല്ലുകൾ,
# നാട്ടറിവുകൾ

എല്ല മുറിയെ പണി എടുത്താൽ പല്ല മുറിയെ തിന്നാം.

പയ്യെ തിന്നാൽ പനയും തിന്നാം.

മടിയൻ മല ചുമക്കും.

ഒത്തു പിടിച്ചാൽ മലയും പോരും.

ഐക്യമത്യം മഹാബലം.

അനീഷ
ക്ലാസ്സ് :9 ബി



# കേരളം....

*എന്റെ നാടാണ് കേരളം*
*ജീവിതത്തിന്റെ*
*തുടിതാളമാണ് കേരളം*
*വെല്ലുവിളികളുടെ നാടാണ് കേരളം*
*ഏന്റെ നാടാണ് കേരളം*
*ജീവിതത്തിന്റെ തുടിതാളമാണ്*
*കേരളം...*
*എത്ര സുന്ദരമെന്റെ കൊച്ചു കേരളം.*

*മരിയ സാനിയ*
*ക്ലാസ്സ് :9 എ*

# നിറമുള്ളസ്വപ്നങ്ങൾ



ഇന്ദ്രധനുസിൻെറ
തേരിലേറിയ സപ്തവർണ്ണം
പോലെ
മന്ദസ്മിതത്തിൻെറ
ചാരുതയേറിയ പൂനിലാവുപോലെ
മന്ദമാരുതൻ തൻ തലോടൽ
പോലെ
ആയിരം വർണ്ണത്തിൽ
പീലിചിറക വിടർത്തുന്ന
നൂറായിരം സ്വപ്നങ്ങൾ
സ്നേഹവും ത്യാഗവും നന്മയും
തിന്മയും
സ്വപ്നത്തിൽ ചമയങ്ങളല്ലോ
വെറുതെയാണെങ്കിലും നമ്മെ
തട്ടുക്കാത്ത മനസ്സിൻെറ
ലീലാവിലാസമീ സ്വപ്നം
വിടരുന്നു പൂക്കുന്നു
കൊഴിയുന്നു
സ്വപ്ന്നത്തിനിതളുകൾ
ഓർമകൾ മാത്രമായി
മാറുന്നുവെങ്കിലും
ഓർക്കാൻ കൊതിക്കുന്നു നി

സിമി ട്രീസ
ക്ലാസ്സ് : 9 ബി

ടെസ്സി

ക്ലാസ്സ് :9 എ



## മീനുകൾ ഉറങ്ങാറുണ്ടോ ?

ഇന്നും ശാസ്ത്ര ലോകത്തിന് വ്യക്തമായ ഉത്തരം നല്കാൻ കഴിയാത്ത അമ്പരിപ്പിക്കുന്ന ചോദ്യമാണിത്. മീനുകൾക്ക് കൺപോളകൾ ഇല്ല. അതിനാൽ അവയ്ക്ക് കണ്ണടയ്ക്കാൻ കഴിയില്ല. കൂട്ടത്തിൽ മറ്റൊരു അപകടം കൂടിയുണ്ട്. മീനുകൾ ഇളകാതെ നിന്നാൽ ഗുരുത്വാകർഷണം മൂലം ഉടൻ ഇവ താഴ്ന്ന് പോവും അതിനാൽ എപ്പോഴും നീന്തി കൊണ്ടിരിക്കും ആഴക്കടലിൽ കാണുന്ന തിരണ്ടിയും മറ്റുമത്സ്യങ്ങളുമൊക്കെ അടിത്തട്ടിൽ അനങ്ങാതെകിടക്കുന്നുണ്ട് മറ്റുചിലവ കടൽച്ചെടികളിൽ ഉടക്കിപ്പിടിച്ചു നിൽക്കുന്നത് കാണാം. ഇതെല്ലാം ഉറക്കമായാണ് ഗവേഷകർ കാണുന്നത്. ഇന്നും മീനുകളുടെ ഉറക്കത്തെക്കുറിച്ച് ശാസ്ത്രജ്ഞമാർക്ക് വ്യക്തമായ നിഗമനത്തിലെത്താൻ കഴിഞ്ഞിട്ടില്ല.

ഹരി കൃഷ്ണൻ
ക്ലാസ്സ് :9 ബി



# നിറമുള്ള സ്വപ്നങ്ങൾ

ഇന്ദ്രധനുസിൻെറ തേരിലേറിയ
സപ്തവർണം പോലെ
മന്ദസ്മിതത്തിൻെറ ചാരുതയേറിയ
പൂനിലാവുപപോലെ
മന്ദമാരുതൻ തൻ തലോടൽ പോലെ
ആയിരം വർണത്തിൻ പീലിച്ചിറക
വിടർത്തുന്ന
നൂറായിരം സ്വപ്നങ്ങൾ

സ്വപ്നത്തിൻ ചമയങ്ങളല്ലോ.
വെറുതെയാണെങ്കിലും നമ്മെ
തടുക്കാത്ത മനസിൻെറ
ലീലവിലാസമീ സ്വപ്നം
വിടരുന്ന പൂക്കുന്ന കൊഴിയുന്ന
സ്വപ്നത്തിനിതളുകൾ
ഓർമകൾ മാത്രമായി മാറുന്നു
വെങ്കിലും

ഓർക്കാൻ കൊതിക്കുന്നു നിനയ്ക്കുന്നു.
ജീവിതവീതിയിൽ

കൈവെടിയാത്തൊരു ആത്മ-
വിശ്വാസത്തിൻ മുദ്രയാം സ്വപ്നം
ഒത്തിരി വർണങ്ങൾ നിറയുന സ്വപ്നമേ

നിറപ്പകിട്ടേകുന്ന സ്വപ്നങ്ങളെ
എന്നിൽ വിരിയണേ
നിറയണെ,തളിർക്കേണമേ.

# പ്രകൃതി സംരക്ഷണത്തിൽ നമുക്കും പങ്കാളികളാകാം

പ്രശസ്ത കവി ഒ.എൻ.വി.കുറുപ്പ് "ഇനിയും മരിക്കാത്ത ഭൂമിയുടെ ആസന്ന മൃതിയിൽ ആത്മശാന്തി" നേർന്ന് ചരമ ഗീതം പാടി.മറ്റൊരു പുതു തലമുറകവി "ഇനിവരുന്നൊരു തലമുറയ്ക്ക് ഇവിടെവാസം സാധ്യമോ" എന്നും ആശങ്കപ്പെടുന്നു ഇതെല്ലാം പറയുമ്പോൾ മറ്റാരുടെ യൊക്കെ യോ ദുഷ് പ്രവർത്തികൾ മൂലമാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നത് എന്ന് പറഞ്ഞ് കുറ്റവിമുക്തരാകാൻ ശ്രമിക്കുന്നു നാം ഓരോരുത്തരും. ഈ ആശങ്കകളും മുന്നറിയിപ്പുകളും കേട്ട് പകച്ച് കൈയ്യും കെട്ടി ഇരിക്കേണ്ടവരാണോ നമ്മൾ?

പ്രകൃതി ഒരു തലമുറയുടെയും സ്വകാര്യസ്വത്തല്ല.ഭാവിതലമുറകളിൽ നിന്ന് പാട്ടത്തിനു വാങ്ങി എല്ലാവരും സ്വന്തമാക്കി ഉപയോഗിച്ച് നശിപ്പിക്കുന്നു.ആവശ്യം കഴിഞ്ഞ് ഉടമസ്ഥന് തിരികെ നൽകേണ്ടതാണെന്ന ഉത്തരവാദിത്ത ബോധം തെല്ലുമില്ലാതെ. ഇതിനൊരു മാറ്റം വരേണ്ടത് നമ്മൾ ഉൾപ്പെടുന്ന ഭാവിതലമുറയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ഇതിനായി വിദ്യാർത്ഥികൾക്ക്എന്തു ചെയ്യാൻ കഴിയും?

ജൂൺ 5 ലോക പരിസ്ഥിതി ദിനമായി ആചരിച്ചുപോരുന്നുണ്ട്. റാലികൾ, തെരുവുനാടകങ്ങൾ, എന്നിവയെല്ലാം സ്കൂൾതലത്തിൽ സംഘടിപ്പിക്കുന്നുണ്ട്പലസംഘടനകൾ വഴിവൃക്ഷത്തൈകളും എത്തിച്ചു കൊടുക്കുന്നുണ്ട്. ഈ സസ്യങ്ങൾക്കെല്ലാം പിന്നീട് എന്തു സംഭവിച്ചുഎന്നത്ആരെങ്കിലും അന്വേഷിക്കാറുണ്ടോ? ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് നടത്തുന്ന ഈ സംരംഭം വെറും ആചാരമായി മാറിക്കൊണ്ടി

രിക്കുകയാണോ? ആദ്യ കാലങ്ങളിലെല്ലാം സ്കൂൾ തലത്തിൽ ഇതിന് കൃത്യമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടായിരുന്നു.സസ്യത്തിന്റെ വളർച്ച,പരിപാലനംഇലകൾമുളയ്ക്കുന്നത്, പൂവിടുന്നത്,ഫലമുണ്ടാകുന്നത് മുതലായകാര്യങ്ങൾ കുട്ടികൾ നോട്ട്ബുക്കിൽ രേഖപ്പെടുത്തുകയും അദ്ധ്യാപകർ വിലയിരുത്തി സമ്മാനങ്ങൾ നൽകുകയും ചെയ്യാറുണ്ടായിരുന്നു.ഇപ്പോൾ അതെല്ലാം പഴങ്കഥയായി മാറി. ഓരോ ജന്മദിനത്തിലും നന്മ മരങ്ങളും നക്ഷത്രമരങ്ങളും നടുന്നരീതി നാട്ടിൻപുറത്തുള്ള ചില സ്കൂളുകളിൽ ഇപ്പോഴും നടക്കുന്നുമുണ്ട്.

പ്രകൃതി സംരക്ഷണവും ജൈവവൈവിധ്യ സംരക്ഷണവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒട്ടനവധി സംഘടനകൾ ഇന്നുണ്ട്. അവയുടെയെല്ലാം നാനൊപതിപ്പുകളാണ് സ്കൂളിൽ പ്രവർത്തിക്കുന്ന "SEED _ NATURE CLUB” മുതലായവ. ഇവയുടെ പ്രവർത്തനങ്ങളിൽ ഓരോ കുട്ടിയും സജീവ പങ്കാളിത്തം വഹിക്കേണ്ടതാണ് ജൈവ വൈവിധ്യ പാർക്കുകളുടെ നിർമ്മാണം സർക്കാർ ധന സഹായത്തോടെ മിക്കസ്കൂളുകളിലും ആരംഭിച്ചു കഴിഞ്ഞു എന്നത് പ്രതീക്ഷയ്ക്കു വകനൽകുന്നു. നമ്മുടെ തനതു സസ്യങ്ങളും ഫല വൃക്ഷങ്ങളും കാലത്തിന്റെ പരീക്ഷണങ്ങളെ അതിജീവിച്ചവയാണ് എന്നു പറഞ്ഞാൽ അവ കാലാവസ്ഥയ്ക്ക് അനുയോജ്യവും രോഗപ്രതിരോധ ശേഷി കൂടിയവയുമാണ്. നാടൻ ഇനങ്ങൾ നിലനിർത്തപ്പെട്ടാൽ മാത്രമേ അവയിൽ നിന്ന് ഗുണമേൻമയുള്ള സങ്കരയിനങ്ങൾ ഉത്പാദിപ്പിച്ചെടുക്കാൻ കഴിയുക യുള്ളൂ.മറ്റൊരുപ്രധാന വിപത്താണ് പ്ലാസ്റ്റിക് മാലിന്യം. ഒരു അനു ഗ്രഹമായി വന്ന പ്ലാസ്റ്റി ക്കിനെ തീർത്തും അവഗണിക്കാൻ നമുക്കാവുകയില്ല.അതിനെ അലക്ഷ്യമായി വലിച്ചെറിഞ്ഞ് ജലാശയ ങ്ങളിലും നദികളിലും അതുവഴി സമുദ്രങ്ങളിലും എത്തിച്ചേരാനുള്ള

അവസരം തീർത്തും ഒഴിവാക്കേ
ണ്ടതാണ്.പുന:രുപയോഗം,
പുന:ചംക്രമണം,ഉപയോഗം
പരിമിതപ്പെടുത്തൽ  എന്നിവ വഴി
ഇവമൂലമുള്ള  നശീകരണ
ശേഷിയുടെ ആക്കം കുറയ്ക്കാൻ
കഴിയും.ചേക്കുട്ടിപ്പാവകളും പേപ്പർ
ബാഗുനിർമ്മാണവും
പുന:രുപയോഗത്തിന്റേയും
പുനചംക്രമണത്തിന്റേയും സ്കൂൾതല
ഉദാഹരണങ്ങളാണ്.



സ്കൂളിൽ തയ്യറാക്കിയ
ചേക്കുട്ടിപ്പാവകൾ



സ്കൂളിൽ തയ്യറാക്കിയ
പേപ്പർബാഗുകൾ

സ്കൂളിൽ തന്നെപ്ലാസ്റ്റിക്ക്
മാലിന്യവും ജൈവമാലിന്യവും
തരംതിരിച്ച് സംസ്കരണ
കേന്ദ്രങ്ങളിൽ എത്തിക്കാനുള്ള
സംവിധാനങ്ങൾ ഉണ്ടാവണം.
വിത്തുപേനകളുടെ ഉപയോഗം
വ്യാപകമാകണം. ഉപയോഗശേഷം
വലിച്ചെറിഞ്ഞാൽ മണ്ണിൽ കിടന്ന്
അഴുകി അതിനകത്ത് സൂക്ഷിച്ചിരി
ക്കുന്നവിത്തുകൾ മുളയ്ക്കുന്നു.

വിത്തു പേനകൾ



കേരളത്തെ തച്ചുടച്ച്, ഉഴുതുമറിച്ച്
മഹാപ്രളയം കടന്നുപോയി.കേരളം
അതിനെ എങ്ങനെ അതിജീവിച്ചു
എന്നു കണ്ടു നാം കോരിത്തരിച്ചു.
മനസ്സുകൾക്കിടയിൽ തീർത്ത
മുള്ളുവേലികളും, കമ്പിവേലികളും
മറികടന്ന്,  ആ കമ്പികളിലും
മുള്ളുകളിലും തട്ടി  നിണ മണി
ഞ്ഞെത്തിയ രക്ഷാകരങ്ങളിൽ
തൂങ്ങി രക്ഷയുടെ തീരത്തണയു
മ്പോൾ മനുഷ്യത്വം മരിച്ചിട്ടില്ലെ
ന്നു നാം അറിയുന്നു. എങ്കിലും സാ
മ്പത്തികമായും ശാരീരികമായും
മാനസികമായും ബുദ്ധിമുട്ടനു
ഭവിക്കുന്നവർ ഏറെയാണ്.

അതിൽ പാഠപുസ്തകങ്ങൾപോലും നഷ്ടപ്പെട്ടുപോയ അനേകായിരം കുട്ടികൾ ഉണ്ട്. ലൈബ്രറികളും, ലാബുകളും നശിച്ചുപോയ സ്കൂളുകളുണ്ട് . അവർക്കെല്ലാം പുസ്തകങ്ങൾ സംഘടിപ്പിച്ച് എത്തിച്ചു കൊടുക്കുക എന്ന സംരംഭത്തിൽ അണി ചേർന്ന് നവ കേരളനിർമിതിയിൽ വിദ്യാർത്ഥികളായ നമുക്കും പങ്കാളികളാകാം. അങ്ങനെ

സഹജീവി കളോടുള്ള കടമ നമുക്ക് നിറവേറ്റാം. ഓരോവണ്ടും, പുഴവും,പല്ലിയും, പാറ്റയും എല്ലാം നമ്മെപോലെ തന്നെ ഭൂമിയുടെ അവകാശി കളാണെന്ന സത്യം ഉൾക്കൊണ്ട് അവയ്ക്കു വേണ്ടി നമുക്ക് തന്നെ വേണ്ടിയും അമ്മ ഭൂമിയെ,

ഈ സുന്ദര പ്രകൃതിയെ സംരക്ഷിക്കാം.അതുവഴി നമ്മുടെ ഭാവി നമുക്ക് ശോഭനമാക്കാം. ആശങ്കകളൊഴിഞ്ഞ്, മനസമാധാനത്തോടെ നമുക്കു ജീവിക്കാം."പ്രയത്നം അവസാനിക്കുന്നില്ല". EFFORT NEVER DIES



ബീന ജോസ്
ബയോളജി അദ്ധ്യാപിക

# തത്തമ്മ

*തത്തമ്മപ്പെണ്ണേവാ.....*
*കൂട്ടുകൂടാൻ വാ.....*
*പാലും പഴവും തരാം*
*സ്നേഹത്തിൻ മലരുണ്ണാൻ*
*വാ......*
*(തത്തമ്മപ്പെണ്ണേ)*

*ആകാശം ചുററി നടക്കാം*
*പൂന്തേൻ തിന്നു രസിക്കാം*
*സ്നേഹത്തിൽ*
*കൂട്ടുകൂടാൻ വാ.........*



*[തത്തമ്മപ്പെണ്ണേ]*

*കാററായി പുഴയായി*
*ലോകം മുഴുവൻ*
*ചുററിനടക്കാം കൂട്ടിനു*
*നീയുണ്ടല്ലോ*
*എനിക്കു*
*കൂട്ടായെന്നും.*
*[തത്തമ്മപ്പെണ്ണേ]*

**മേരി റെനി**

***ക്ലാസ്സ് :9 ബി***

# എൻെറ   വിദ്യാലയം



*സ്നേഹത്തിൻ നറുപുഷ്പങ്ങൾ വിരിയിക്കുന്ന*
*പൂന്തോട്ടമാണിന്നെന്റെ വിദ്യാലയം*
*നമ്മ തൻ നൽ പാഠങ്ങൾ പകർന്നു*
*തരുന്ന ഭവനമാണിന്നെന്റെ  വിദ്യാലയം*

*[സ്നേഹ.......]*

*അറിവു പകർന്നു തരുന്നൊരു ഗുരുക്കന്മർ*
*സ്നേഹത്തിൻ തനിമയായ് സഹപാഠികൾ*
*ഉറ്റവരും സ്നേ ഹിതരും   ഒത്തൊരുമിച്ച*
*വിളങ്ങുമിന്നെൻെറ വിദ്യാലയം*
*[സ്നേഹ.......]*

*പുണ്യത്തിൻ മണിവീണകൾ മീട്ടി*
*ചിറകടിച്ചുയരുന്നെൻ  വിദ്യാലയം*
*ഈ സ്നേഹമാം  പൂന്തോപ്പിലാടി-*
*ത്തിമർക്കുവാൻ വന്നു ചേർന്നവരല്ലോ*
*നമ്മൾ*

*[ സ്നേഹ.......]*

***ശ്രീലക്ഷ്മി***

***ക്ലാസ്സ് :9 ബി***

# ഓണച്ചൊല്ലുകൾ



കാണം വിറ്റും ഓണം
ഉണ്ണണം

ഓണത്തിനിടയിൽ പുട്ടു കച്ചവടം

ഓണം വന്നാലും ഉണ്ണി
പിറന്നാലും കോരന്
കുമ്പിളിൽകഞ്ഞി

പ്രിറ്റിയ
ക്ലാസ്സ് :9 എ

# കുഞ്ഞാറ്റക്കിളി

ആകാശത്ത് പാറി നടക്കും കുഞ്ഞാറ്റക്കിളിയെ

എൻ കൂടെ കളിച്ച് രസിക്കാൻ

പോരുമോ

കാറ്റുകൾ വീശും നേരത്ത്

കളിച്ച് രസിച്ചീടാം



കാറ്റും മഴയും എത്തുമ്പോൾ

കൂടെവരുമോ നീ

എൻ കൂടെ വന്നാൽ

നിനക്ക് മധുരം നൽകീടും

എന്നും എന്നോടൊപ്പം

വന്നാൽ കൂട്ട കൂടീടാം

ആകാശത്ത് പാറിനടക്കും

കുഞ്ഞാറ്റക്കിളിയെ

കാറ്റും മഴയും കൊള്ളാനായി

കൂടെവരുമോ നീ

ഭൂമിയിലെങ്ങും കാഴ്ചകൾ കണ്ട്

പാറിനടക്കും

കുഞ്ഞാറ്റക്കിളിയെ

സിയാമോൾ

ക്ലാസ്സ് : 9 ബി.

# വന്നില്ല ;എൻ മുൻപിൽ

നീയെന്റെ മനസ്സിന്റെ
ആഴത്തിൽ നിന്നു
മെൻ പ്രാർത്ഥന കേൾക്കു നീ
യേശുനാഥാ
ദുഖ:സമയത്തു ആശ്വാസമേകാൻ
ഓടിവരും നാഥാ
യേശുനാഥാ......
മാലാഖമാരുടെ കാവലിലായ് നീ
സ്വർഗ്ഗരാജ്യത്തിൽ വിളയാടുന്നു
എന്തുകൊണ്ടെന്ന
എനിക്കറിയില്ല
നീയെൻ തിരുമുമ്പിൽ
വന്നില്ല.......
[
നീയെന്റെ......]
ലോകത്തിന്റെ ശാന്തിക്കായി
നന്മകൾ
ചെയ്യും മഹേശ്വരാ.............
എന്തും സഹിക്കും,
ശത്രുവിനെപോലും
സ്നേഹിക്കും സ്നേഹഗായകാ.........
ഒരുനാൾ എൻമുമ്പിൽ വരുമെന്ന്
ആശിച്ചു ഞാനിരിക്കുന്നു............
[നീയെന്റെ.......]

**ടെസ്സി ടെറൻ**
**ക്ലാസ്സ്:9 എ**



# മഴയെത്തുമ്പോൾ

*നമ്മുടെ നാട്ടിൽ കേരള നാട്ടിൽ*
*മഴയെത്തുന്നൊരു ദിനമുണ്ട്*
*ഇടവപ്പാതി കഴിഞ്ഞാലുടനെ*
*കുട്ടികൾ തന്നുടെ സ്നേഹിതനായി*
*മഴയും കൂടെ പോയീടും*
*ബാഗും, ബുക്കും യൂണിഫോമും*
*നനഞ്ഞു കുതിർന്നീടും*
*സ്കൂളിൽ നിന്നു വരുന്നൊരു നേരം*
*കൂടെ പോരും ചങ്ങാതി ഇവൻ*
*തെമ്മാടി ..*

*അലിയ*
*ക്ലാസ്സ് 9: സി*

# എന്റെവീട്



സ്നേഹത്തിൽ പൂക്കൾ
വാരി വിതറുന്ന
അമ്പല മുറ്റമാണെന്റെ വീട്
അൻപത്തൊന്നക്ഷരം
ചൊല്ലി പഠിപ്പിക്കും
അറിവിൻ ലോക മാണെന്റെ
വീട്
ആനന്ദ രാഗങ്ങൾ
പാറിപറക്കുന്ന
*ആനന്ദക്കച്ചേരി എന്റെ വീട്.*

*ഐശ്വര്യ*

*ക്ലാസ്സ് :9 ബി*

# കാറ്റ്



കാറ്റടിക്കുന്നു
കുളിർക്കാറ്റടിക്കുന്നു
സ്നേഹത്തിൻ  കാറ്റടിക്കുന്നു
അനുരാഗ കാറ്റ് സ്നേഹത്തിൻ
കാറ്റ്
കവിതകളിലൂടെ ഒഴുകുന്ന കാറ്റ്
അഴകുള്ളൊരു കാറ്റ് സ്നേഹത്തിൻ
കാറ്റ്കാറ്റടിക്കുന്നു കുളിർക്കാറ്റടിക്കുന്നു.

ഗ്ലാഡിസ്      ജ്യോത്സ
ക്ലാസ്സ്:9 ബി



# പരുന്ത്

വട്ടം വട്ടം ആകാശം
പാറി നടക്കും
പരുന്തച്ഛൻ
കോഴിക്കുഞ്ഞിനെ കട്ടെടുത്ത്
പാറി നടക്കും പരുന്തച്ഛൻ
തള്ളക്കോഴിതൻ കൺതട്ടാതെ
പാറി നടക്കും പരുന്തച്ഛൻ
കൂട്ടരൊടൊത്ത് വിലസി
നടക്കും പരുന്തച്ഛൻ
വട്ടം വട്ടം ആകാശത്തിൽ
പാറിനടക്കും സൂത്രക്കാരൻ
പരുന്തച്ഛൻ.........

സ്റ്റെല്ല മേരി
ക്ലാസ്സ്:9 എ

# പേടി




പകലാണേൽ മൂങ്ങയ്ക്ക്
കാക്കയെ പേടി


രാത്രിയിൽ
കാക്കയ്ക്ക് മൂങ്ങയെ പേടി



മുയലിനു കുറുക്കനെ പേടി
മാനിനു സിംഹത്തെ
പേടി
കൊമ്പുള്ള



ഒരു വമ്പനാം
ആനയ്ക്ക്
ഇത്തിരി
പോന്നൊരുറുമ്പിനെ
പേടി

എലികൾക്കു പൂച്ചയെ പേടി

ആരെയും ദംശിച്ചു മരണത്തിലാഴ്ത്തിടും
പാമ്പിനു പരുന്തിനെ പേടി
കിളികൾക്കു വേടനെ പേടി
കോഴിക്കു കുറുക്കനെ
പേടി

ഭൂമിയെതന്നെയും
അടക്കി വാണീടുന്ന
മനുജനും ഉണ്ടിന്നു
പേടി
തന്നെത്തന്നെയും പേടി





# എന്റെ മാവ്



ഞാൻ നട്ട എന്റെ
തൈമാവ്
അവൻ എന്റെവീടിൻ
കോണിൽ
അരുമയായ് വളർന്നു
ആഹാരം അവന്
ഞാൻ ഏകി
അവൻ മാമ്പഴം
പകരമായി നൽകി
തണലേകി കാറ്റേകി
എൻമാവ്
വലിയൊരു
മുത്തച്ഛനായി
എല്ലാമെനിക്ക്
നഷ്ടമായി
ഒടുവിലെൻ ചങ്ങാതി
സ്വപ്നമായി

**ഹരികൃഷ്ണൻ**
**ക്ലാസ്സ് :9 ബി**

# ഓണം



കാണം വിറ്റും ഓണം ഉണ്ണണം
ഓണത്തിനിടയിൽ പുട്ടുകച്ചവടം
ഓണം വന്നാലും ഉണ്ണി പിറന്നാലും
കോരന്ദ കുമ്പിളിൽ കഞ്ഞി.

അത്തം പത്തിന്ദ പൊന്നോണം
അത്തം കറുത്താൽ ഓണം വെളുക്കു
ഓണത്തിനിടയിൽ പുട്ടു കച്ചവടം.

ആൽഫ ജോസഫ്
ക്ലാസ്സ് : 10 ബി

# ഒരുമ

ഐക്യമത്യം മഹാബലം
ഒത്തുപിടിച്ചാൽ മലയും പോരും
ഒരുമയുണ്ടെങ്കിൽഉലക്കമേലും കിടക്കാം




ഷിയാന

ക്ലാസ്സ് :10 ബി



# ഉണരൂ പനിനീർപൂവേ

പനിനീർപൂവേ, പനിനീർപൂവേ
ഉണരൂ ഉണരൂ പൂവേ
പുഞ്ചിരി തൂകൂ എൻ മുന്നിൽ നീ
ആടി രസിച്ചു കളിക്കൂ
നിന്നെ കാണാൻ തുടിക്കുന്നെൻ-
ഹൃദയം ഉണരൂ ഉണരൂ പൂവേ
മഞ്ഞു തുള്ളികൾ വീണൂ നിൻ
പൊൻപട്ടു ചാർത്തിയ
ഇതളുകളിൽ മാരുതൻ
വന്നു തലോടീ നിന്നെ,
സൂര്യൻ വന്നു വിളിച്ചൂ
ഇനിയും കാത്തിരിക്കാൻ വയ്യ
**വേഗം ഉണരൂ പൂവേ നീ.**

ഗ്ലാഡിസ്  ജ്യോത്സന
ക്ലാസ്സ് :9 എ

*ജ്യുവൽ*
*ക്ലാസ്സ്:9 ബി*



# ഭൂമിയുടെ പ്രകാശമായ അമ്പിളി

*ആകാശത്ത് കാർമേഘങ്ങൾ വന്നു*
*കൂടി*
*മഴയുടെ ആരംഭം കണ്ട് മയിലുകൾ*
*തുള്ളിച്ചാടി*
*ഇടിമിന്നലോടുകൂടി പുതു മഴ*
*ചീറിപാഞ്ഞെത്തി*
*കുട്ടികൾ ആനന്ദത്തോടെ*
*ആർത്തുല്ലസിച്ചു*
*മഴ കാണാൻ തവളകളെത്തി*
*പുതുമഴയിൽ ആനന്ദിച്ച് കുട്ടികൾ*
*തുള്ളിച്ചാടി*
*മഴ തോർന്ന ആകാശം ശാന്തമായി*
*പഞ്ഞിക്കെട്ടുകൾ പോലെ*
*മേഘങ്ങൾ തെളിഞ്ഞു*
*സന്ധ്യ  സമയമടുത്തു എങ്ങും*
*കൂരാകൂരിരുട്ട് പരന്നു*
*പ്രകാശമേകാൻ അവിടെ അമ്പിളി*
*ഓടിയെത്തി*
*അമ്പിളിയമ്മാവന്റെ നിഴലിൽ ഭൂമി*
*വെട്ടിത്തിളങ്ങി*
***ഭൂമിയിൽ എങ്ങും അമ്പിളി തൻ***
***പ്രകാശം നിറഞ്ഞു***

## ചേല്യുള്ള

## തത്തമ്മ



പുത്തരി

വിളയും പാടത്ത്

ത

ത്തി നടക്കും തത്തമ്മേ

നിന്നെ

കാണാൻ എന്തുരസം

നിന്നുടെ ആടയ്യെന്തു

രസം

വിത്തുകളല്ലാം

കൊത്തി തിന്നും

നിന്നുടെ

ചുണ്ടിനെന്തൊരഴക്

നിന്നുടെ നാടെവിടെ

നിന്നുടെ കൂടെവിടെ

**[പുത്തരി....]**

**നയന**

**ക്ലാസ്സ്: 9 ബി**

# ഉണ്ണിക്കണ്ണൻ

*എന്നുമെൻ മനസ്സിലുണ്ടൊരു*
*കൊച്ചുകണിക്കൊന്ന*
*കുലകളായ്*



*കാറ്റത്തങ്ങു*
*കുലുങ്ങിച്ചിരി*
*ക്കുന്ന*
*കൊച്ചുകണി*
*ക്കൊന്ന*

*താരകളുദിച്ചൊരു*
*മുഖശ്രീതൻ ദേവരാഗം*
*വൃന്ദാവന ഗിരിയിൽ*
*വാഴുന്ന മായക്കണ്ണൻ*
*ഗോപികമാരോടെല്ലാം*
*കുസൃതി കാട്ടാറുള്ള*
*വെണ്ണയെല്ലാം കക്കുന്ന*
*കള്ളനാം ഉണ്ണിക്കണ്ണൻ*
*വിഷുവിൻ മേടമാസം*
*കണികണ്ടുണരുന്ന*
*ഭക്തർതൻ മനസ്സിലെ*
***സന്തോഷ സൗഭാഗ്യം .***

***മരിയ സാനിയ.കെ.ജി***
***ക്ലാസ്സ്   : 9 എ***



# മഴയെത്തുമ്പോൾ

***നമ്മുടെ നാട്ടിൽ കേരള നാട്ടിൽ***

*മഴയെത്തുന്നൊരു ദിനമുണ്ട്*
*ഇടവപ്പാതി കഴിഞ്ഞാലുടനെ*
*കുട്ടികൾ തന്നുടെ സ്നേഹിതനായി*
*മഴയും കൂടെ പോയീടും*

*ബാഗും, ബുക്കും യൂണിഫോമും*
*നനഞ്ഞുകുതിർന്നീടും*

*സ്കൂളിൽ നിന്നു വരുന്നൊരു നേരം-*
*കൂടെ പോരും ചങ്ങാതി ഇവൻ*

*തെമ്മാടി.....*

*ഷോബൽ ആന്റണി എം.എ*

*ക്ലാസ്സ്:9 ബി*



# പ്രകൃതി

സുന്ദരി  റാണി പ്രകൃതി
എല്ലാവർക്കും നീ തായ
സൂര്യൻ നിൻ
മൂത്തമകൻ
ചന്ദ്രൻ നിൻ
ഇളയ മകൻ
ലോകം
വാഴും പ്രകൃതി
മരങ്ങൾ നിൻ കുഞ്ഞുങ്ങൾ
മത്സ്യങ്ങൾ പ്രിയ മക്കൾ

മനോഹരി
റാണി പ്രകൃതി
മനുഷ്യർ നിൻ സുന്ദര പുത്രർ.

ഐശ്വര്യ
ക്ലാസ്സ് :9  ബി



# അംഗനവാടി

ആദ്യമായ് ഞാനെൻ
അക്ഷരപ്പൂമൊട്ട്തുറന്നത്
അംഗനവാടിയിൽ നിന്നല്ലോ.
ആദ്യമായ് ഞാനെൻ
പുസ്തകത്താളുകൾ മറിച്ചത്
അംഗനവാടിയിൽ നിന്നല്ലോ.
മാതാപിതാഗുരു ദൈവം
എന്ന വാക്ക് കേട്ടത്
അംഗനവാടിയിൽ നിന്നല്ലോ
ആദ്യമായ് ഞാനെൻ വിജയത്തിൻ
ആരംഭം കുറിച്ചത്
അംഗനവാടിയിൽ
നിന്നല്ലോ.....................

ആൻ ഗ്രീറ്റി

ക്ലാസ്സ് : 9 എ



## മഴച്ചൊല്ലുകൾ

കുംഭത്തിൽ മഴ പെയ്താൽ
കുപ്പയിലും മാണിക്യം
മകരത്തിൽ മഴ പെയ്താൽ
മലയാളം മുടിയും
ചിങ്ങത്തിൽ മഴ ചിണുങ്ങി
ചിണുങ്ങി.

അലീഷ ജോസഫ്
ക്ലാസ്സ് :9 എ



# അമ്പിളി അമ്മാവൻ

ചന്ദ്രക്കല ദൂരെ ഉദിച്ചത്
കണ്ടു ഞാൻ ഇന്ന്
വഞ്ചിതൻ ആകൃതീയിൽ
ഉദിച്ചു നിന്നത്

പാൽ
നിറത്തിലാണല്ലോ
വെണ്ണനിറത്തിലാണല്ലോ
ഇന്നു നീ ദൂരെ
ഉദിച്ചു നിൽക്കുന്നത്

മഞ്ഞുംമഴയും ഏൽക്കുമ്പോൾ
പനിവരലെ നിനക്ക്
അമ്മയോടുപറയു കമ്പിളി
കുപ്പായം തുന്നിതരാൻ

നിൻെറ ആകൃതിയിൽ
ഞാൻ കണ്ടു
വ്യത്യാസം
പതിനഞ്ചു നാൾ
കഴിഞ്ഞാൽ
നീ അമ്പിളി
അമ്മാവനോ?

**സിമി ട്രീസ**
**ക്ലാസ്സ് :9 ബി**

# കളിവീട്

ഞാൻ കെട്ടിയ കളിവീട്
സുരസുന്ദരിയാം കളിവീട്
സുന്ദരമാമെൻ കളിവീട്
കവിതകൾ ചൊല്ലുമെൻ കളിവീട്
ഞാൻ വാഴും കളിവീട്ടിൽ
തുമ്പിയുമുണ്ട് പൂന്തത്തയുമുണ്ട്

സ്നേഹം തൻ വിരിമാറിൽ ഞാൻ
ചാഞ്ഞുറങ്ങീടുമ്പോൾ
താരാട്ടാനായി എത്തും മാരുതൻ
മെത്തയായ് പുൽത്തകിടികളും

വരുവിൻ കൂട്ടരെ ഒരുമിച്ചൊന്നായ്
കളിച്ചീടാം, സ്നേഹത്തിൽ മണിവീട്ടിൽ
വിരിയും സൗരഭ്യമേറും പൂപോൽ
വരിക വേഗം കൂട്ടരെ

ലയ
ക്ലാസ്സ് :9 സി

# തത്തമ്മേ

പച്ച തത്തേ പനം തത്തേ
കളീയാടീടാൻ  വര്രുമോ  നീ
പാലും  പഴവും  ഞാൻ  നൽകാം
നീ  വരു, നീ  വര്രു  എൻെറ  ക്കുടേ
പൊന്നു  പോലെ  ഞാൻനോക്കീടാം
പച്ചപ്പട്ടുടുത്ത  പച്ച  തത്തേ

വരുമോ  നീ  എൻെറ  ക്കുടെ
അയ്യോ  അയ്യോ  നേരമില്ല
ഇപ്പോളെനിക്കിന്നു  നേരമില്ല
പിന്നിടൊരിക്കൽ  ഞാൻ
വന്നുക്കൊള്ളാം
യാത്ര  ചോദിക്കട്ടെ  ഞാൻ  നിന്നിൽ
നിന്ന്
എന്നുനീ  എൻെറ  അരികിൽ  വരും
വേഗം  വരണെ
എൻ
പൊന്നുതത്തെ.......





# കളിവീട്

ഞാൻ കെട്ടിയ കളിവീട്
സുരസുന്ദരിയാം കളിവീട്
സുന്ദരമാമെൻ കളിവീട്
കവിതകൾ ചൊല്ലുമെൻ കളിവീട്
ഞാൻ വാഴും കളിവീട്ടിൽ
തുമ്പിയുമുണ്ട് പൂന്തത്തയുമുണ്ട്

സ്നേഹം തൻ വിരിമാറിൽ ഞാൻ
ചാഞ്ഞുറങ്ങീടുമ്പോൾ
താരാട്ടാനായി എത്തും മാരുതൻ
മെത്തയായ് പുൽത്തകിടികളും

വരുവിൻ കൂട്ടരെ ഒരുമിച്ചൊന്നായ്
കളിച്ചീടാം, സ്നേഹത്തിൽ മണിവീട്ടിൽ
വിരിയും സൗരഭ്യമേറും പൂപോൽ
വരിക വേഗം കൂട്ടരെ......................

ലയ
ക്ലാസ്സ് :9 സി

# ഗണിത കവിത

ഒന്നതാ ഓതുന്നു **1**

രണ്ടതാ മങ്ങുന്നു **3**

മൂന്നതാ മൂളുന്നു **6**

നാലതാ കാണുന്നു

അഞ്ചതാ കൊഞ്ചുന്നു **2**

ആറതാ പാറുന്നു

ഏഴതാ വീഴുന്നു **5** **7** **8**


എട്ടതാ പൊട്ടുന്നു

ഒമ്പതോ ഓടുന്നു **4** **9**

പത്തതാ താങ്ങുന്നു. **10**

# ഇലക്ട്രോണിൻെറ രഹസ്യം

ആറ്റം എന്ന സൂക്ഷ്മ കണ ത്തിനുള്ളിൽ വിസ്മയങ്ങളിലേക്കുള്ള വാതിൽ തുറന്നത് ഇലക്ട്രോണു കളുടെ കണ്ടു പിടിത്തമാണെന്ന് പറയാം. കാഥോട് കിരണങ്ങളെ ക്കുറിച്ചുള്ള വിശദമായ പഠനമാണ് ജെ ജെ തോമ്സണെന്ന ശാസ്ത്രജ്ഞനെ ഇലക്ട്രോണുകളുടെ കണ്ടുപിടിത്തങ്ങളിലേക്ക് നയിച്ചത്. താഴ്ന്ന മർദത്തിലുള്ള വാതകങ്ങളിൽക്കൂടി വൈദ്യുത ഡിസ്ചാർജ് കടത്തി വിട്ടുകൊണ്ടുള്ള ഡിസ്ചാർജ് ട്യൂബ് പരീക്ഷണങ്ങളിലൂടെ കഥോട് കിരണങ്ങളുടെ സാന്നിധ്യം 1879ൽ തന്നെ വില്യം ക്രൂക്സ് തെളിയിച്ചിരുന്നു. ഈ കിരണങ്ങൾ നെഗറ്റിവ് ചാർജുള്ളവയാണെന്ന വാദംഅദ്ദേഹം മുന്നോട്ടു വയ്ക്കുകയും ചെയ്തു. യഥാർത്ഥത്തിൽ ഈ കാഥോട് കിരണം നെഗറ്റിവ് ചാർജുള്ള കണങ്ങളാണെന്ന് അവയുടെ വൈദ്യുത ശാസ്ത്രത്തിലുള്ള വ്യതിചലനം നിരീക്ഷിച്ച് ജെ ജെ തോമ്സൺ വ്യക്തമായി തെളിയിച്ചു



ഇലക്ട്രോൺ

കൂടാതെ അവയുടെ ചാർജും മാസ്സും തമ്മിലുള്ള അനു പാതവും കണ്ടുപിടിച്ചു. അങ്ങനെ ആറ്റത്തെക്കാളും എത്രയോ ചെറിയ കണങ്ങളുണ്ടെന്ന് ആദ്യമായി തെളിയിക്കപ്പെട്ടു. ഈ കണമാണ് ഇലക്ട്രോൺ. 1906-ൽ ജെ ജെ തോംസണ് ഭൗതിക ശാസ്ത്ര നോബേൽ സമ്മാനം ലഭിക്കുകയും ചെയ്തു.

നയന

ക്ലാസ്സ് :9 ബി




# കുഞ്ഞാറ്റക്കിളി

ആകാശത്ത് പാറി നടക്കും
കുഞ്ഞാറ്റക്കിളിയെ
എൻ കൂടെ കളിച്ച്
രസിക്കാൻപോരുമോ നീ
കാറ്റുകൾ വീശും നേരത്ത് കളിച്ചു
രസിച്ചീടാം
കാറ്റും മഴയും എത്തുമ്പോൾ
കൂടെവരുമോ നീ
കാറ്റും മഴയും എത്തുമ്പോൾ
കൂടെവരുമോ നീ
എൻ കൂടെ വന്നാൽ നിനക്ക് മധുരം
നൽകീടും
എന്നും എന്നോടൊപ്പം വന്നാൽ
കൂട്ടുകൂടീടാം
ആകാശത്ത് പാറിനടക്കും
കുഞ്ഞാറ്റക്കിളിയെ.........

അലിയ വി.ജെ,ക്ലാസ്സ് :9 സി

**നന്ദി** 

